"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കൻഡറി - 2015-16 അധ്യയന വർഷം ഹയർസെക്കൻഡറി കോഴ്സ് അനുവദിച്ച് പ്രവർത്തനമാരംഭിച്ച തിരുവനന്തപുരം പൂജപ്പുര ചിന്നമ്മ മെമ്മോറിയൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ തസ്തികകൾ സൃഷ്ടിച്ച്/അപ്ഗ്രേഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ(എൻ) വകുപ്പ്

G.O.(Ms) No.125/2021/GEDN  തീയതി, തിരുവനന്തപുരം, 26/02/2021

---

പരാമർശം:- 1) സ.ഉ(എം.എസ്) നം.152/2015/പൊവിവ തീയതി 08.06.2015

2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 14.12.2020 ലെ എ.സി.ഡി.സി3/189245/2020/എച്ച്.എസ്.ഇ, 15.02.2021 ലെ എ.സി.ഡി.സി3/195251/2021/എച്ച്.എസ്.ഇ നമ്പർ കത്തുകൾ

ഉത്തരവ്

പരാമർശം 1 ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരം പൂജപ്പുര ചിന്നമ്മ മെമ്മോറിയൽ ഗേൾസ് സ്കൂളിനെ 2015-16 അധ്യയന വർഷം മുതൽ ഹയർ സെക്കൻഡറിയായി അപ്ഗ്രേഡ് ചെയ്ത് ഓരോ ഹ്യൂമാനിറ്റീസ് (കോഴ്സ് കോഡ് 11), കോമേഴ്സ് (കോഴ്സ് കോഡ് 39) ബാച്ചുകൾ ആരംഭിക്കുന്നതിന് അനുമതി നല്കി ഉത്തരവായിരുന്നു. എന്നാൽ മേൽപ്രകാരം പ്രവർത്തനമാരംഭിച്ച തിരുവനന്തപുരം പൂജപ്പുര ചിന്നമ്മ മെമ്മോറിയൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ കുട്ടികളുടെ കുറവ് മൂലം തസ്തിക അനുവദിച്ചിരുന്നില്ല. പ്രസ്തുത സ്കൂളിൽ ആവശ്യമായ തസ്തിക അനുവദിക്കണമെന്ന് സ്കൂൾ മാനേജ്മെന്റ് ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർച്ചയായ അവസാന മൂന്ന് അധ്യയന വർഷങ്ങളിൽ ഒരു ബാച്ചിൽ മിനിമം 50 കുട്ടികൾ വീതം പ്രസ്തുത സ്കൂളുകളിൽ പ്രവേശനം നേടിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തസ്തിക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം 2 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചു.

2. പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം പൂജപ്പുര ചിന്നമ്മ മെമ്മോറിയൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന് വേണ്ടി ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ പരാമർശിക്കും പ്രകാരം 6 തസ്തികകൾ പുതുതായി സൃഷ്ടിച്ചുകൊണ്ടും ഒരു തസ്തിക അപ്ഗ്രേഡ് ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Name of School | Name and number of Posts created | | | Total Posts |
|---|---|---|---|---|
| Chinnamma Memorial HSS, | HSST Junior (32300-68700) | HSST (39500-83000) | Upgradation | |
| Thiruvananthapuram (1180) | Malayalam-1<br>Hindi-1<br>Economics-1<br>Business Studies & Accountancy -1 | Computer Application-1<br>Business Studies & Accountancy -1 | English-1 | |
| Total | 4 | 2 | 1 | 7 |

3. മേൽ പറഞ്ഞിട്ടുള്ള തസ്തികകളുടെ ക്ൃത്യത ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുക്കുന്ന യോഗ്യരായ ഉദ്യോഗാർഥികളെ മാത്രമായിരിക്കണം ടി തസ്തികകളിൽ നിയമിക്കേണ്ടത്. ഈ തസ്തികകളിൽ നിയമിക്കപ്പെടുന്നവർക്ക് മുൻകാല നിയമനപ്രാബല്യം ഉണ്ടായിരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

A. SHAJAHAN

SECRETARY

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കൻഡറി വിദ്യാഭ്യാസം, തിരുവനന്തപുരം

മാനേജർ, ചിന്നമ്മ മെമ്മോറിയൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ, പൂജപ്പുര, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ) തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ് [ഇനം4826 നമ്പർ തീയതി 24.02.2021 ]

ധനകാര്യ വകുപ്പ് [നം.ഇഡിഎൻ. ബി1/349/2019-ഫിൻ തീയതി 20.02.2021]

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

4826

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എൻ2/48/2021/പൊ.വി.വ |
| 2 | വകുപ്പ് | : | പൊതുവിദ്യാഭ്യാസ(എൻ)വകുപ്പ് |
| 3 | വിഷയം. | : | 2015-16 അധ്യയന വർഷം ഹയർ സെക്കൻഡറി കോഴ്സ് അനുവദിച്ച് പ്രവർത്തനമാരംഭിച്ച പൂജപ്പുര, ചിന്നമ്മ മെമ്മോറിയൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളുകളിൽ പുതുതായി 6 തസ്തികകൾ സൃഷ്ടിക്കുന്നതും 1 തസ്തിക അപ്ഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 22/02/2021 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | | അതേ, ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഇല്ല<br>ബാധകമല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ലോല പി. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. എ. ഷാജഹാൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23.02.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23.02.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 2302.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 23.02.2021 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും | : | |

Scanned by CamScanner

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

2015-16 അധ്യയന വർഷം ഹയർസെക്കൻഡറി കോഴ്സ് അനുവദിച്ച് പ്രവർത്തനമാരംഭിച്ച തിരുവനന്തപുരം പൂജപ്പുര ചിന്നമ്മ മെമ്മോറിയൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിനു വേണ്ടി 6 തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതും 1 തസ്തിക അപ്ഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. 2015-16 വർഷം കോഴ്സ് അനുവദിച്ച് പ്രവർത്തനമാരംഭിച്ചതും കുട്ടികളുടെ കുറവു മൂലം തസ്തിക അനുവദിക്കാതിരുന്നതുമായ ഹയർ സെക്കൻഡറി സ്കൂളുകളിൽ തസ്തിക അനുവദിക്കുന്നതു സംബന്ധിച്ച ഫയലിൽ, തിരുവനന്തപുരം ചിന്നമ്മ മെമ്മോറിയൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ തസ്തിക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലും ഉൾപ്പെട്ടിരുന്നു. ടി സ്കൂളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും അപ്ഗ്രേഡ് ചെയ്യുന്നതിനും കൂടി ആകെ 31,01,760/- രൂപയുടെ സാമ്പത്തിക ബാധ്യത ഉള്ളതായി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എന്നാൽ 2018-2019 ലെ ICT Cell റിപ്പോർട്ട് ഫയലിൽ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത സ്കൂളിൽ തസ്തിക അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയില്ലെന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിരുന്നു.

3. 2018-2019 ലെ ICT Cell റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയത് സഹിതം തിരുവനന്തപുരം പൂജപ്പുര ചിന്നമ്മ മെമ്മോറിയൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ 4 HSST Junior തസ്തികകളും 2- HSST തസ്തികകളും സൃഷ്ടിക്കുന്നതിനും ഒരു HSST Junior തസ്തിക അപ്ഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ച അഭിപ്രായത്തിനായി ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് അയയ്ക്കുകയുണ്ടായി.

4. ചുവടെ ചേർത്തിട്ടുള്ള പ്രകാരം അഭിപ്രായം രേഖപ്പെടുത്തി ധനകാര്യ വകുപ്പ് ഫയൽ മടക്കി നൽകി;

*"സൃഷ്ടിക്കപെടേണ്ട തസ്തികകളുടെ കൃത്യത ഭരണ വകുപ്പ് ഉറപ്പ് വരുത്തണമെന്ന നിബന്ധനയിൽ മന്ത്രിസഭാതീരുമാനത്തിന് വിധേയമായി തിരുവനന്തപുരം , പൂജപ്പുര ചിന്നമ്മ മെമ്മോറിയൽ സ്കൂളിൽ (School code 1180) ചുവടെയുള്ള Table പ്രകാരമുള്ള HSST (Jr) ന്റെ 4 തസ്തികകളും HSST യുടെ 2 തസ്തികകൾ സൃഷ്ടിക്കുന്നതിനും HSST(Jr) English 1 തസ്തിക അപ്ഗ്രേഡ് ചെയ്യുന്നതിനും അനുമതി നൽകുന്നു .*

Scanned by CamScanner

| Name of School & code | Course code | Subject | AD's proposal | | | Remarks of FD |
|---|---|---|---|---|---|---|
| | | | HSST Jr. | HSST | Upgradation | |
| Chinnamma Memorial Girls HSS, Poojappura 1180 | 11 & 39 | Malayalam | 1 | | | ICT cell report പ്രകാരം തുടർച്ചയായ മൂന്ന് വർഷം മതിയായ എണ്ണം കുട്ടികൾ **ഉള്ളതിനാൽ ൽ** ഭരണവകുപ്പ് ശുപാർശ ചെയ്തിരിക്കുന്ന 7 അദ്ധ്യാപക തസ്തികകളും (HSST Jr. 4 + HSST. 2 ) സൃഷ്ടിക്കുന്നതിനും English തസ്തിക upgrade ചെയ്യുന്നതിനും അനുമതി നൽകുന്നു . |
| | | Hindi | 1 | | | |
| | | Economics | 1 | | | |
| | | Business Studies & Accountancy | 1 | 1 | | |
| | | Computer Application | | 1 | | |
| | | English | | | 1 | |

*ഈ തീരുമാനത്തിന് ബഹു . ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.".*

5. ധനകാര്യ വകുപ്പിന്റെ മേൽ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം പൂജപ്പുര ചിന്നമ്മ മെമ്മോറിയൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന് വേണ്ടി 6 തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതും 1 തസ്തിക അപ്ഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ച കാര്യത്തിൽ ഉത്തരവിനായി ഫയൽ സർക്കുലേറ്റ് ചെയ്തപ്പോൾ, വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു: മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

2015-16 അധ്യയന വർഷം ഹയർസെക്കൻഡറി കോഴ്സുകൾ അനുവദിച്ച് പ്രവർത്തനമാരംഭിച്ച തിരുവനന്തപുരം പൂജപ്പുര ചിന്നമ്മ മെമ്മോറിയൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിനുവേണ്ടി, ധനകാര്യ വകുപ്പ് മേൽ അഭിപ്രായപ്പെട്ട പ്രകാരം 6 തസ്തികകൾ പുതുതായി സൃഷ്ടിക്കുകയും 1 തസ്തിക അപ്ഗ്രേഡ് ചെയ്യുകയും ചെയ്യാമോ?

Scanned by CamScanner

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 24-02-2021

ഫയൽ നം. എൻ2/48/2021/പൊ.വി.വ. ഇനം നം: 4826

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - 2015-16 അധ്യയന വർഷം ഹയർ സെക്കൻഡറി കോഴ്സ് അനുവദിച്ച് പ്രവർത്തനമാരംഭിച്ച പൂജപ്പുര, ചിന്നമ്മ മെമ്മോറിയൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ പുതുതായി 6 തസ്തികകൾ സൃഷ്ടിക്കുന്നതും 1 തസ്തിക അപ്ഗ്രേഡ് ചെയ്യുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

Scanned by CamScanner